ഉത്തരം

(എ) അന്വേഷണം നടത്തേണ്ടതായുള്ള പ്രശ്നങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വ്യവസ്ഥകൾ പാലിച്ചുകൊണ്ടുതന്നെയാണ് പ്രൊമോഷനും നിയമന അംഗീകാരങ്ങളും നൽകിയിട്ടുള്ളത്.

(സി) കോടതി വിധിപ്രകാരം നൽകിയ പലിശത്തുക ഉത്തരവാദികളിൽ നിന്നും ഈടാക്കുന്നതിന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുള്ള നടപടികൾ ഇൻസ്റ്റിറ്റ്യൂട്ട് സ്വീകരിച്ചുവരുന്നു.

വി.കെ.എൻ. സ്മാരകം

130 (3892) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തരിച്ച പ്രശസ്ത സാഹിത്യകാരനായ വി. കെ. എന്നിന്റെ പേരിൽ സ്മാരകം നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) സ്മാരകത്തിന് വേണ്ടി ഭൂമി ലഭ്യമാക്കിയിട്ടുള്ളതായി അറിയുമോ ;

(ഡി) പ്രസ്തുത സ്മാരകത്തിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കുമെന്നും എന്ന് പൂർത്തിയാക്കുവാൻ കഴിയുമെന്നും പറയാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൃശ്ശൂർ ജില്ലയിലെ ചേലക്കര കേന്ദ്രമാക്കി വി.കെ.എൻ.-ന്റെ പേരിൽ ഒരു സ്മാരക സമിതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) വി.കെ.എൻ.-ന് സ്മാരകത്തിനുവേണ്ടി ആവശ്യമായ സ്ഥലം വി.കെ. എൻ.-ന്റെ പത്നി സൗജന്യമായി ലഭ്യമാക്കിയിട്ടുള്ളതായി തിരുവില്വാമല ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

(ഡി) സാഹിത്യ അക്കാഡമിയും ഗ്രാമപഞ്ചായത്തും സഹകരിച്ച് ഭരണ സമിതി രൂപീകരിച്ചശേഷം, ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള തുക അനുവദിച്ച് ഭരണാനുമതി നൽകി നിർമ്മാണം ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly